# India's view on the Treaty on the Prohibition of Nuclear Weapons

January 22, 2021

---

## ആണവായുധ നിരോധനം സംബന്ധിച്ച ഉടമ്പടിയെക്കുറിച്ചുള്ള ഇന്ത്യയുടെ കാഴ്ചപ്പാട്

ജനുവരി 22, 2021

സാർവത്രികവും വിവേചനരഹിതവും ഉറപ്പുവരുത്താവുന്നതുമായ ആണവ നിരായുധീകരണത്തിന് ഇന്ത്യ ഉയർന്ന മുൻഗണന നൽകുകയും പ്രതിബദ്ധത പുലർത്തുന്നതും തുടർന്ന് വരുന്നതാണ്.

ആണവായുധനിരോധന ഉടമ്പടി പരിഗണിക്കുമ്പോൾ (TPNW), ഇതിനെക്കുറിച്ചുള്ള ചർച്ചകളിൽ ഇന്ത്യ പങ്കെടുത്തിട്ടില്ല കൂടാതെ ഉടമ്പടിയിൽ ഭാഗഭാക്കാവില്ലെന്നുള്ള നടപടി തുടർച്ചയായി വ്യക്തമാക്കുകയും ചെയ്തിരുന്നു. ഇന്ത്യ ഉടമ്പടിയെ പിന്തുണയ്ക്കുന്നില്ല കൂടാതെ അതിൽ നിന്നും ഉത്ഭവിക്കുന്ന യാതൊരു ചുമതലകൾക്കും ബാധ്യസ്ഥരായിരിക്കുകയുമില്ല.ഉടമ്പടി താൽപര്യങ്ങൾക്കനുസരിച്ചുള്ള നിയമം വികസിപ്പിക്കുന്നതിന് കാരണമാകുകയോ അതിന് സംഭാവന ചെയ്യുകയോ ചെയ്യുന്നില്ല ; കൂടാതെ പുതിയ മാനദണ്ഡങ്ങളോ രീതികളോ ക്രമീകരിക്കാനോ കാരണമാകുന്നില്ല എന്നുമാണ് ഇന്ത്യ വിശ്വസിക്കുന്നത്.

ആണവായുധ വിമുക്തമായ ലോകം എന്ന ലക്ഷ്യത്തിനായുള്ള പ്രതിബദ്ധത ഇന്ത്യ ആവർത്തിച്ചു പ്രസ്താവിച്ചു. യു എൻ ജനറൽ അസ്സെംബ്ലിയിലും നിരായുധീകരണ കോൺഫറൻസിലും 'ആണവ നിരായുധീകരണം' എന്ന പേരിൽ ഇന്ത്യ സമർപ്പിച്ചിട്ടുള്ള പ്രവർത്തന പത്രികയിൽ സൂചിപ്പിച്ചിട്ടുള്ള പോലെ സാർവദേശീയ പ്രതിബദ്ധതയുള്ള ഘട്ടം ഘട്ടമായ നടപടികൾ, അംഗീകൃതമായ ആഗോള വിവേചനാതീതമായ ബഹുരാഷ്ട്ര ഘടന എന്നിവയിലൂടെ മാത്രമേ ഈ ലക്ഷ്യം നേടിയെടുക്കാനാകുകയുള്ളൂ എന്നും ഇന്ത്യ വിശ്വസിക്കുന്നു. ഇക്കാര്യത്തിൽ, നിരായുധീകരണത്തിനായുള്ള കോൺഫറൻസിൽ സമഗ്ര ആണവനിരായുധീകരണ കൺവെൻഷനിൽ ചർച്ചകൾ ആരംഭിക്കുന്നതിനെ ഇന്ത്യ പിന്തുണയ്ക്കുന്നു, ഇതാണ് സമവായത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ലോകത്തിലെ ഏക ബഹുരാഷ്ട്ര നിരായുധീകരണ ചർച്ചാ വേദി. അണ്വായുധങ്ങളിൽ നിന്നും വിമുക്തമായ ലോകമെന്ന ലക്ഷ്യത്തിലേക്ക് ഐക്യരാഷ്ട്ര സഭ അംഗത്വ രാജ്യങ്ങൾക്കൊപ്പം പ്രവർത്തിക്കുന്നതിനും ഇന്ത്യ തയ്യാറാണ്.

**ന്യൂ ഡൽഹി**
**22 ജനുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.